WEDNESDAY 05-04-2023 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/04/2023.

1. നെല്ല് സംഭരണ പ്രക്രിയ നേരിടുന്ന പ്രശ്നങ്ങളും, മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും കർഷകർക്കും മില്ലുകാർക്കും പൊതുജനങ്ങൾക്കും നിർദ്ദേശിക്കാം. ഡോ. വി കെ ബേബി ഐഎഎസ് അധ്യക്ഷനായുള്ള നെല്ല് സംഭരണ സമിതിയുടെ രണ്ടാമത്തെ യോഗത്തിലാണ് തീരുമാനം. നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട വിലാസം: കൃഷി (WTO സെൽ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 695001. നിർദ്ദേശങ്ങൾ ecrpaddyproc2023@gmail.com എന്ന ഇ-മെയിലിലേക്കും അയയ്ക്കാവുന്നതാണ്. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 17 (17.04.2023) ആണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ **0471– 2517169** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ മാതൃ പിതൃ ശേഖരത്തിൽപ്പെട്ട ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ നേരിട്ട് കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ നിന്നും മൊത്തമായോ ചില്ലറയോ വാങ്ങാവുന്നതാണ് . കൂടുതൽ വിവരങ്ങൾക്ക് **9495000914** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഒരു പെൺപന്നിയെ ഇന്ന് (ഏപ്രിൽ 5) രാവിലെ 11 മണിക്ക് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസമയത്തിനു മുൻപായി 1500 രൂപ നിരതദ്രവ്യം ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായോ **0471 – 2732962** എന്നാ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

4. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2022 2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷ (സഞ്ചരിക്കുന്ന മൃഗാശുപത്രി) പദ്ധതിയുടെ സേവനം ഏപ്രിൽ 8 വരെയുള്ള ദിവസങ്ങളിൽ പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമാകും. പ്രവർത്തിസമയം- രാവിലെ 10 മുതൽ വൈകിട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനയോ, നേരിട്ടോ ഡ്യൂട്ടി

ഡോക്ടറുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9074583866** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന/ മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റൻറർ എന്നിവർ ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഈ സേവനം ലഭിക്കുന്നതിന് **1962** എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെൻറർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

**വിള പരിപാലന നിർദ്ദേശങ്ങൾ**

**6. ജാതി**

ജാതിയിൽ ജലദൗർലഭ്യത്തിന്റെ ആദ്യലക്ഷണമായ കായ്ചുങ്ങൽ/കായവാടിവീഴുക എന്നീ ലക്ഷണങ്ങൾ കാണുന്ന ഘട്ടത്തിൽ ജലസേചനം അത്യന്താപേക്ഷിതമാണ്. ജാതിയുടെ ചുവട്ടിൽ പുതയിടൽ നിർബന്ധമായും അനുവർത്തിക്കുക; സൾഫേറ്റ് ഓഫ് പൊട്ടാഷ് 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കുന്നത് വരൾച്ചയെ പ്രതിരോധിക്കാൻ ഒരു പരിധിവരെ സഹായിക്കുന്നു. വേനൽക്കാലത്തു ജാതിയിൽ ഉണ്ടാകുന്ന പ്രധാന രോഗങ്ങൾ കായ്കൊഴിച്ചിലും, കൊമ്പുണക്കവും, കരിംപ്പൂപ്പ് രോഗവുമാണ്. അവയ്ക്കായുള്ള സംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ ഇനിപ്പറയുന്നു. രോഗം ബാധിച്ച ഇലകളും കായ്കളും നശിപ്പിക്കുകയും ഉണങ്ങിയ കൊമ്പുകൾ വെട്ടിനശിപ്പിക്കുകയും ചെയ്ത്, തോട്ടത്തിൽ മുഴുവനായും ശുചിത്വം പാലിക്കുക. ജാതിയിൽ കായ്പിടുത്തം കൂട്ടുന്നതിനും, കായ്കൊഴിച്ചിൽ തടയുന്നതിനും, കുമിൾരോഗബാധ നിയന്ത്രിക്കുന്നതിനും *സ്യൂഡോമോണാസ് ഫ്ളൂറസൻസ്* 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കായ്പിടുത്ത സമയത്ത്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തളിച്ചുകൊടുക്കുക.20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയുടെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണാസ് കൂടിചേർത്ത് തളിയ്ക്കുന്നത് കൂടുതൽ ഫലപ്രദമാണ്. പൊട്ടാഷ് കുറവിന്റെ ലക്ഷണം കാണിക്കുന്ന മരങ്ങളിൽ കൃത്യമായി വളപ്രയോഗം നടത്തുക. കരിംപ്പൂപ്പ് രോഗങ്ങൾ കാണുന്ന ഇലകളിൽ കഞ്ഞിവെള്ളം തളിച്ചു കൊടുക്കുന്നത് നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം